**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4641 13.11.2019 ൽ മറുപടിയ്ക്ക്

# ഐ.ടി.ഐ.കളിലെ പ്രവേശനത്തിനായി ഓൺലൈൻ സംവിധാനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സർക്കാർ ഐ.ടി.ഐ.കളിലെ പ്രവേശനത്തിനായി നടപ്പാക്കിയ ഓൺലൈൻ സംവിധാനത്തിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **(എ)** ഉണ്ട്.<br>ഓൺലൈൻ സംവിധാനം വഴി ഒരു അപേക്ഷകന് ഒറ്റ ഫീസിൽ 14 ജില്ലകളിലെയും ഐ.ടി.ഐ. കളിലേക്ക് ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും. ആയത് അപേക്ഷ കന്റെ ഐ.ടി.ഐ. പ്രവേശനത്തിനുള്ള സാധ്യത വർദ്ധിപ്പിച്ചു. കൂടാതെ മതിയായ അപേക്ഷകൾ ലഭിക്കാറില്ലാത്ത ജില്ലകളിലെ ഐ.ടി.ഐ. കളിലേക്കും വേണ്ടത്ര അപേക്ഷകൾ ലഭ്യമാകുകയും എല്ലാ ഐ.ടി.ഐ.കളിലേയും മുഴുവൻസീറ്റുകളി ലേക്കും പ്രവേശനം സാധ്യമാകുകയും ചെയ്തു. അപേക്ഷകന് കുറഞ്ഞ ഫീസിൽ എല്ലാ ഐ.ടി.ഐ കളിലേക്കും അപേക്ഷിക്കുന്നതിനുള്ള അവസര മുണ്ടായി. അപേക്ഷ ഫീസ് ഓൺലൈൻ വഴി സ്വീകരിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുകവഴി അപേക്ഷകന് അപേക്ഷാ വിവരങ്ങൾ രേഖപ്പെടുത്തുന്നിടത്തു നിന്നുതന്നെ ഫീസ് ഒടുക്കുന്നതിനുള്ള സൗകര്യം ലഭിച്ചു. കൂടാതെ ഭരണപരമായ ജോലികൾ കുറയ്ക്കാനും സാധിച്ചു. |

| | |
|---|---|
| **(ബി)** 2019 വർഷം മുതൽ ഓൺലൈൻ പ്രവേശനം നടപ്പാക്കിയതിനെത്തുടർന്ന് വയനാട് ജില്ലയിലെ ഐ.ടി.ഐ.കളിലുള്ള നാല്പത് ശതമാനത്തോളം സീറ്റുകളിൽ പ്രവേശനം ലഭിച്ചത് മറ്റ് ജില്ലകളിലെ അപേക്ഷകർക്കാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**(സി)** പിന്നാക്ക ജില്ലയായ വയനാട്ടിലെ വിദ്യാർത്ഥികളുടെ ഉപരിപഠന അവസരങ്ങളിൽ ഇതുമൂലം ഉണ്ടാകുന്ന നഷ്ടം എങ്ങനെ നികത്താനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ? | **(ബി) യും (സി) യും** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകന് സംസ്ഥാനത്തെ എല്ലാ ഐ. ടി. ഐ.കളിലേക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നതിനാൽ മറ്റു ജില്ലകളിൽ നിന്നും വളരെയധികം അപേക്ഷകൾ വയനാട് ജില്ലയിലെ ഐ. ടി. ഐ. കളിൽ ലഭിച്ചിരുന്നു. ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം ഏർപ്പെടുത്തിയിരുന്നത് എന്നതിനാൽ ഇതരജില്ലകളിലുള്ളവരും ധാരാളമായി പ്രവേശനത്തിന് പരിഗണിക്കപ്പെട്ടു. വരും വർഷങ്ങളിൽ വയനാട് ജില്ലയിലെ അപേക്ഷകർക്ക് ടി ജില്ലയിൽ കൂടുതൽ പരിഗണന നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ